## 15 -ാം കേരള നിയമസഭ

## 8 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 352** | **06-03-2023 - ൽ മറുപടിയ്ക്ക്**

## പൊതുമേഖല ബാങ്കുകളുടെ സമീപനം മെച്ചപ്പെടുത്താനുള്ള നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുമേഖലാ ബാങ്കുകളിൽ ലോണുകൾ അനുവദിക്കുന്നതിലും സെറ്റിൽ ചെയ്യുന്നതിലും ഉണ്ടാകുന്നതായി പറയപ്പെടുന്ന ക്രമക്കേടുകൾ പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹത പ്രകാരം അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകി വരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം അമിത ചാർജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്. കൂടാതെ റിസർവ് ബാങ്ക് ഏർപ്പെടുത്തിയ ഓംബുഡ്സ്മാൻ മുഖേന ബാങ്കിലെ സേവനങ്ങളുടെ ക്രമക്കേടുകൾ സംബന്ധിക്കുന്ന പരാതികൾക്ക് പരിഹാരം കാണാവുന്നതാണ്. |
| (ബി) | നോട്ട് നിരോധനം, പ്രളയം, കോവിഡ് എന്നിവ മൂലം ഉണ്ടായിട്ടുള്ള സാഹചര്യം പരിഗണിക്കാതെ സർഫാസി ആക്ട് പ്രകാരമുള്ള നടപടികളും സിബിൽ സ്കോർ കുറയ്ക്കുന്നതുൾപ്പടെയുള്ള നടപടികളും സാധാരണക്കാർക്കെതിരെ പ്രയോഗിക്കുന്നത് മൂലം ജനങ്ങൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | തിരിച്ചടവ് മുടങ്ങുമ്പോൾ ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ അനുവദിക്കാറുണ്ടെന്നും കുടിശ്ശിക നീണ്ടു പോകുകയും തിരിച്ചടവിനുള്ള എല്ലാ സാധ്യതകളും വിരളമാകുകയും ചെയ്യുമ്പോൾ മാത്രമേ സർഫാസി മുതലായ റിക്കവറി നടപടികൾക്ക് മുതിരാറുള്ളൂ എന്നും തിരിച്ചടവിന് നിർവാഹമില്ലാത്ത അർഹരായവർക്ക് അതത് ബാങ്കുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ നിബന്ധനകൾക്ക് വിധേയമായി പരമാവധി ഇളവുകളോടെ വായ്പ തീർപ്പാക്കാവുന്നതാണെന്നും സംസ്ഥാനതല ബാങ്കേഴ്സ് സമിതി അറിയിച്ചിട്ടുണ്ട്. തിരിച്ചടവ് മുടങ്ങുമ്പോൾ സർഫാസി നിയമം അനുസരിച്ചുള്ള നടപടികൾ കുടിശിക ഈടാക്കാൻ ബാങ്കുകൾ സ്വീകരിക്കാറുണ്ട്. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്നത് പരിഹരിക്കാൻ സംസ്ഥാനതല |

| | | | |
|---|---|---|---|
| | | | ബാങ്കേഴ്സ് സമിതി മുഖേന നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ബാങ്കുകൾ ലോണുകൾ നൽകാൻ സമ്മതിച്ചാലും നിയമോപദേശത്തിന്റെ പേര് പറഞ്ഞ് സാധാരണക്കാർക്ക് ലോണുകൾ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയെ കൂടുതൽ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ബാങ്കുകൾ സംസ്ഥാന സർക്കാരിന്റെ അധികാര പരിധിയിലല്ല പ്രവർത്തിക്കുന്നത്. വാണിജ്യ ബാങ്കുകൾ അപേക്ഷകരുടെ അർഹത പ്രകാരം അതത് ബാങ്കുകളുടെ നിബന്ധനകൾക്കനുസൃതമായാണ് പുതിയ വായ്പകൾ നൽകി വരുന്നത്. വായ്പ അനുവദിക്കുന്നതിലെ കാലതാമസം അമിത ചാർജ് ഈടാക്കൽ തുടങ്ങി ബാങ്കുമായി ബന്ധപ്പെട്ട പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് സംസ്ഥാനതല ബാങ്കേഴ്സ് സമിതി വഴി യഥാസമയം പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളാറുണ്ട്. കൂടാതെ റിസർവ് ബാങ്ക് ഏർപ്പെടുത്തിയ ഓംബുഡ്സ്മാൻ മുഖേന ബാങ്കിലെ സേവനങ്ങളുടെ ക്രമക്കേടുകൾ സംബന്ധിക്കുന്ന പരാതികൾക്ക് പരിഹാരം കാണാവുന്നതാണ്. |

സെക്ഷൻ ഓഫീസർ